**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2690** **24-06-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് വയബിലിറ്റി ഗ്യാപ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കുന്നതിനായി ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുന്നതിന് സഭായോഗം അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ വ്യവസ്ഥകൾ പ്രകാരമാണ് അനുമതി നൽകിയത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്.<br><br>താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരമാണ് മന്ത്രിസഭാ യോഗം അനുമതി നൽകിയത്.<br><br>1. സംസ്ഥാന സർക്കാരും കൺസെഷണ യറും തമ്മിൽ നടന്നിരുന്ന ആർബിട്രേഷ നിൽ കൺസെഷണയർ ഉന്നയിച്ച എല്ലാ ക്ലെയിമുകളും പിൻവലിക്കണം.<br>2. സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട റവന്യൂ ഷെയർ മുൻ നിശ്ചയിച്ച പ്രകാരം 2034 മുതൽ തന്നെ ലഭിച്ച് തുടങ്ങണം.<br>3. അന്താരാഷ്ട്ര തുറമുഖത്തിന്റെ 2,3,4 ഘട്ടങ്ങളുടെ നിർമ്മാണം 2028 - ൽ തന്നെ പൂർത്തീകരിക്കണം.<br>4. മേൽപ്പറഞ്ഞ നിബന്ധനകൾ പാലിക്കപ്പെ ടുന്ന മുറയ്ക്ക് കൺസെഷൻ കാലയളവ് 40 വർഷത്തിൽ നിന്ന് 45 വർഷമായി ദീർഘിപ്പിച്ച് നൽകുന്നതായിരിക്കും.<br>5. തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ ത്തിൽ നേരിട്ട 5 വർഷത്തെ കാലതാമസം സർക്കാർ മാപ്പാക്കി പൂർത്തീകരണ തീയതി 5 വർഷത്തേക്ക് നീട്ടി നൽകുന്നതാണ്.<br>6. സംസ്ഥാന സർക്കാർ കൺസഷണ യർക്ക് നൽകാനുള്ള Equity Support തുകയിൽ നിന്നും 5 വർഷത്തെ കാലതാമസത്തിനുള്ള പിഴത്തുകയായ 219 കോടി രൂപ Commitment Fee Deposit ആയി മാറ്റിവയ്ക്കുന്നതായിരിക്കും. ഇപ്രകാരം മാറ്റിവയ്ക്കുന്ന 219 കോടി രൂപയിൽ 4 വർഷത്തെ പിഴത്തുകയായ 175.20 കോടി രൂപ തുറമുഖത്തിന്റെ 2, 3, 4 ഘട്ടങ്ങൾ 2028 ൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൺസ ഷണയർക്ക് തിരികെ നൽകുന്നതാ യിരിക്കും. |

| | | | |
|---|---|---|---|
| | | | ശേഷിക്കുന്ന 43.80 കോടി രൂപ സംസ്ഥാന സർക്കാർ പിഴത്തുകയായി വകയിരുത്തുന്നതായിരിക്കും. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ട പൂർത്തീകരണത്തിന് കാലതാമസം ഉണ്ടായതിനാൽ ലഭിക്കേണ്ടിയിരുന്ന നഷ്ടപരിഹാരം ഒഴിവാക്കിക്കൊണ്ട് അഞ്ചുവർഷം കൂടി കരാർ ദീർഘിപ്പിച്ചു നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട പൂർത്തീകരണത്തിന് നേരിട്ട 5 വർഷത്തെ കാലതാമസം സർക്കാർ മാപ്പാക്കി അഞ്ചു വർഷം കൂടി കരാർ ദീർഘിപ്പിച്ചു നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം, ഒന്നാംഘട്ട പൂർത്തീകരണ തീയതി ആയിരുന്ന 2019 ഡിസംബർ 3 എന്നത് 2024 ഡിസംബർ 3 ലേയ്ക്ക് നീട്ടിനൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ കൺസഷണയർക്ക് നൽകാനുള്ള Equity Support തുകയിൽ നിന്നും 5 വർഷത്തെ കാലതാമസ ത്തിനുള്ള പിഴത്തുകയായ 219 കോടി രൂപ Commitment Fee Deposit ആയി മാറ്റിവയ്ക്കുന്നതായിരിക്കും. ഇപ്രകാരം മാറ്റിവയ്ക്കുന്ന 219 കോടി രൂപയിൽ 4 വർഷത്തെ പിഴത്തുകയായ 175.20 കോടി രൂപ തുറമുഖത്തിന്റെ 2, 3, 4 ഘട്ടങ്ങൾ 2028 ൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൺസഷണയർക്ക് തിരികെ നൽകുന്നതാ യിരിക്കും. ശേഷിക്കുന്ന 43.80 കോടി രൂപ സംസ്ഥാന സർക്കാർ പിഴത്തുകയായി വകയിരു ത്തുന്നതായിരിക്കും. |
| (സി) | ഇപ്രകാരം കരാർ ദീർഘിപ്പിച്ച് നൽകിയതിലൂടെ നഷ്ടപരിഹാരയിനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ കാലയളവും കരാർ കാലയളവും 5 വർഷം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിലും ഇതിനു ബദലായി കൺസഷണയർ 2,3,4 ഘട്ടങ്ങളുടെ നിർമ്മാണം 2028 ൽ പൂർത്തീകരിക്കാം എന്ന് സമ്മതിച്ചുകൊണ്ടും, മുൻ നിശ്ചയിച്ച പ്രകാരം 2034 മുതൽ തന്നെ റവന്യൂ ഷെയർ സർക്കാരിന് നൽകാമെന്ന് സമ്മതിച്ചുകൊണ്ടും, പിഴത്തുക യായ 219 കോടി രൂപ ഇപ്പോൾ സംസ്ഥാന സർക്കാർ നൽകേണ്ട Equity Support ൽ നിന്നും കുറച്ചു നൽകുന്നതുകൊണ്ടും, ഇതിൽ 175.2 കോടി 2,3,4 ഘട്ടങ്ങൾ 2028 ൽ പൂർത്തീകരിക്കുന്നത് വരെ പിടിച്ചുവയ്ക്കുന്നതു കൊണ്ടും സംസ്ഥാന സർക്കാരിന് നഷ്ടമില്ല എന്ന് കാണുന്നു. |

സെക്ഷൻ ഓഫീസർ